"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീ. ആർ.എസ്. കണ്ണനെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.യു.ആർ.ഡി.എഫ്.സി.) മാനേജിംഗ് ഡയറക്ടറായി പുന:നിയമിച്ച നടപടി സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(കൈ) നം.100/2023/LSGD തീയതി,തിരുവനന്തപുരം, 26-04-2023

---

പരാമർശം:-
1. സ.ഉ.(പി) നം. 159/2016/ധന തീയതി 19/10/2016.
2. സർക്കുലർ നം. 64/2020/ധന തീയതി 30/10/2020.
3. സ.ഉ.(സാധാ) നം. 2112/2022/തസ്വഭവ തീയതി 29/08/2022
4. കെ യു ആർ ഡി എഫ് സി മാനേജിങ് ഡയറക്ടറുടെ 31-10-2022-ലെ എ 2 / 124 / 2022 / കെ യു ആർ ഡി എഫ് സി നമ്പർ കത്ത്.

**ഉത്തരവ്**

കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ (കെ.യു.ആർ.ഡി.എഫ്.സി) മാനേജിംഗ് ഡയറക്ടറായി പരാമർശം (3) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. ആർ.എസ്. കണ്ണനെ പുതിയ മാനേജിംഗ് ഡയറക്ടറുടെ നിയമനം വരെ പുന:നിയമിച്ച് ഉത്തരവായിരുന്നു.

2. ശ്രീ.ആർ.എസ്.കണ്ണന്റെ പുനർ നിയമന വേതന വ്യവസ്ഥകൾ നിശ്ചയിച്ച് ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം കെ.യു.ആർ.ഡി.എഫ്.സി മാനേജിംഗ് ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ശ്രീ.ആർ.എസ്.കണ്ണന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരമാണ് നിർണ്ണയിക്കേണ്ടതെന്നും നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണമെന്നും പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ

അധികരിക്കരുതെന്നും പരാമർശം (1) ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ചട്ട പ്രകാരം:

a) വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.

b) മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.

c) പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.

d) വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല

4. പുനർ നിയമന വേതനത്തോടൊപ്പം ശ്രീ.ആർ.എസ്.കണ്ണനു കെ.എസ്.ആർ.ഭാഗം II, ചട്ടം 1 -ന് കീഴിലുള്ള കുറിപ്പ് 4 പ്രകാരമുള്ള യാത്രാബത്ത അനുവദിക്കാവുന്നതുമാണ്.

5. മേൽപ്പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി പരാമർശം (3) പ്രകാരം ശ്രീ. ആർ.എസ്. കണ്ണന് പുന:നിയമനം നൽകിയ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. തിരുവനന്തപുരം
ശ്രീ. ആർ.എസ്. കണ്ണൻ (മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ) കേരളം, തിരുവനന്തപുരം
ധനകാര്യ (പി.യു.സി.) വകുപ്പ് (പി.യു.സി.2/190/2022/ധന തീയതി 8/2/2023)
പൊതു ഭരണ (എസ്.സി.) വകുപ്പ്
വെബ് & ന്യൂ മീഡിയ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 26-04-2023 19:52:29
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 26-04-2023

ഫയൽ നം. തസ്വഭവ-ഐഎ2/78/2022/തസ്വഭവ. ഇനം നം: 1493

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. ആർ.എസ്.കണ്ണനെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി പുനഃനിയമിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്.

26/4/23

JS(IA)

GOVERNMENT OF KERALA
(Shri. Pinarayi Vijayan Ministry)
Note for the Council of Ministers

| | | | |
|---|---|---|---|
| 1 | File No | : | LSGD-IA2/78/2022-LSGD |
| 2 | Department | : | LOCAL SELF GOVERNMENT (IA) DEPARTMENT |
| 3 | Subject | : | Ratification of the re-employment of Sri. R.S.Kannan, Special Secretary, LSGD (Rtd) as the Managing Director of Kerala Urban and Rural Development Finance Corporation Ltd - Reg |
| 4 | Date of Chief Minister's order for placing before the Council | : | 08/04/2023 |
| 5 | (i) Does the case involve financial commitments/implications | : | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the note for the Council ? | : | No |
| 7 | Name of Joint Secretary who submitted the Draft Note | : | Smt. Leena N.P. |
| 8 | Name of the Principal Secretary who approved the Draft Note | : | Dr. Sharmila Mary Jospeh |
| 9 | Date of approval of the Draft Note for the Council by the Principal Secretary | : | 20.04.2023 |
| 10 | Name of Chief Secretary, who approved the Draft Note | : | Sri. V.P. Joy |
| 11 | Date of approval of the Draft Note for the Council by the Chief Secretary | : | 25.04.2023 |
| 12 | Name of Minister who approved the Draft Note | : | Sri. M.B.Rajesh |
| 13 | Date of approval of the draft Note for the Council by the Minister | : | 25.04.2023 |
| 14 | Date of submission of fair copies | : | 25.04.2023 |
| 15 | Date of decision by the Council of Ministers | : | 26.04.2023 |
| 16 | Number and date of the G.O./letter communicating the decision | : | G.O.(Ms) No. 100/2023/LSGD dated 26.04.2023 |

<u>Note for the Council of Ministers</u>

This note relates to the ratification of the re-employment of Sri. R.S.Kannan, Special Secretary, LSGD (Rtd.) as the Managing Director of Kerala Urban and Rural Development Finance Corporation Ltd (KURDFC).

2. As per G.O.(Rt) No. 1782/2019/LSGD dated 17/08/2019 Special Secretary, Local Self Government Department Sri.R.S. Kannan was given additional charge of Managing Director of Kerala Urban and Rural Development Finance Corporation Ltd.(KURDFC). As per GO(Rt)No.2112/2022/LSGD dated 29/08/2022, Sri. R.S. Kannan, Special Secretary, LSGD who had retired from service on 31.05.2022 has been re-employed as Managing Director in KURDFC till the appointment of new Managing Director.

3. When the file was forwarded to Finance Department for fixing the pay and service conditions, that Department offered the following remarks:-

> *"29/08/2022 ലെ സ.ഉ.(സാധാ) നം. 2112/2022/തസ്വഭവ പ്രകാരം ശ്രീ.ആർ.എസ്.കണ്ണനു കേരള അർബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി പുനർ നിയമനമാണ് നൽകിയിരിക്കുന്നത് . കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് രണ്ടാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിന്മേൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത ചട്ടം ഇനം 45-ൽ സർക്കാർ ജീവനക്കാരുടെ പുനർനിയമനം ഉൾപ്പെടുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ 14/10/2020 ലെ 530/SC1/2020/GA(SC) നമ്പർ സർക്കുലറിൽ ടി വിഷയത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട് . പ്രസ്തുത സർക്കുലറിനോട് അനുബന്ധിച്ച് ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 30/10/2020-ലെ 64/2020/ധന നമ്പർ സർക്കുലറിൽ പുനർ നിയമനം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളിലും ടി നിബന്ധനകൾ ബാധകമാക്കേണ്ടതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.ആർ.എസ്.കണ്ണനു പുനർ നിയമനം നൽകിയ അനുവദിച്ചിരിക്കുന്നത് ബഹു മന്ത്രിസഭയുടെ അനുമതിയോടെയല്ല. ആയതിനാൽ ടി നിയമനത്തിന് ബഹു മന്ത്രിസഭയുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കാം.*
>
> *പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ശ്രീ.ആർ.എസ്.കണ്ണന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരമാണ് (19.10.2016 ലെ*

*സ.ഉ (പി) നം 159/2016/ധന യ്ക്ക് അനുസൃതമായി പരിഷ്കരിച്ചത്) നിർണ്ണയിക്കേണ്ടത്. 19.10.2016 ലെ സ.ഉ(പി)നം.159/2016/ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.*

*a) വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.*

*b)മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.*

*c) പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.*

*d) വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻക്രിമെന്റിനു അർഹതയില്ല*

*ടി ചട്ട പ്രകാരം ശ്രീ.ആർ.എസ്.കണ്ണനു മേൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുള്ളൂ. പുനർ നിയമന വേതനത്തോടൊപ്പം ശ്രീ.ആർ.എസ്.കണ്ണനു കെ.എസ്.ആർ.ഭാഗം II, ചട്ടം 1 -ന് കീഴിലുള്ള കുറിപ്പ് 4 പ്രകാരമുള്ള യാത്രാബത്ത അനുവദിച്ചു നൽകാവുന്നതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."*

4. Vigilance clearance for re-employment of Sri.R.S.Kannan is obtained from the Vigilance Department.

5. The Hon'ble Chief Minister has ordered to place the re-employment of Sri.R.S.Kannan as Managing Director, KURDFC before the Council of Ministers, as required under rule 45 of the Rules of Business of Government.

POINT FOR DECISION

Whether the re-employment of Sri. R.S,.Kannan, Special Secretary, LSGD (Rtd.) as the Managing Director, KURDFC, as per GO(Rt)No.2112/2022/LSGD dated 29/08/2022 (Annexure) may be ratified ?

കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | തസ്വഭവ–ഐഎ 2/78/2022–തസ്വഭവ. |
| 2 | വകുപ്പ് | : | തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്. |
| 3 | വിഷയം | : | തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. ആർ.എസ്. കണ്ണനെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി പുനഃനിയമിച്ച നടപടി സാധൂകരിക്കുന്നത് – സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 08/04/2023 |
| 5(i) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| (ii) | ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി അലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ലീന എൻ.പി. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | : | ഡോ. ഷർമിള മേരി ജോസഫ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 20.04.2023 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. വി.പി. ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 25.04.2023 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. എം.ബി. രാജേഷ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.04.2023 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 25.04.2023 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | 26.04.2023 |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും. | : | സ.ഉ.(കൈ) നം. 100/2023/തസ്വഭവ തീയതി 26.04.2023 |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

1. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. ആർ.എസ്.കണ്ണനെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ (KURDFC) മാനേജിംഗ് ഡയറക്ടറായി പുനഃനിയമിച്ച നടപടി സാധൂകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായിരുന്ന ശ്രീ. ആർ.എസ്. കണ്ണനെ സ.ഉ.(സാധാ) നം. 1782/2019/തസ്വഭവ തീയതി 17/08/2019 ഉത്തരവ് പ്രകാരം കെ.യു.ആർ.ഡി.എഫ്.സി. മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതല നൽകി ഉത്തരവായിരുന്നു. ശ്രീ. ആർ.എസ്. കണ്ണൻ 31.05.2022 ൽ വിരമിക്കുകയും കെ.യു.ആർ.ഡി.എഫ്.സി.യിൽ പുതിയ മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്നതുവരെ ടിയാനെ സ.ഉ.(സാധാ) നം. 2112/2022/തസ്വഭവ തീയതി 29/08/2022 ഉത്തരവ് പ്രകാരം കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടറായി പുനഃനിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. ടിയാന്റെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നത് സംബന്ധിച്ച അഭിപ്രായത്തിനായി ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ് താഴെപറയുന്ന അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി :-

*"29/08/2022 ലെ സ.ഉ.(സാധാ) നം. 2112/2022/തസ്വഭവ പ്രകാരം ശ്രീ.ആർ.എസ്.കണ്ണനു കേരള അർബൻ ആന്റ് റൂറൽ ഡെവലപ്പ്മെന്റ് ഫിനാൻ സ് കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി പുനർ നിയമനമാണ് നൽകിയിരിക്കുന്നത് . കേരള സർക്കാരിന്റെ റൂൾസ് ഓഫ് ബിസിനസ് രണ്ടാം ഷെഡ്യൂളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിന്മേൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത ചട്ടം ഇനം 45-ൽ സർക്കാർ ജീവനക്കാരുടെ പുനർനിയമനം ഉൾപ്പെടുന്നു. കൂടാതെ ചീഫ് സെക്രട്ടറിയുടെ 14/10/2020 ലെ 530/ SC1/2020/GA(SC) നമ്പർ സർക്കുലറിൽ ടി വിഷയത്തിൽ സ്പഷ്ടീകരണം നൽകിയിട്ടുണ്ട് . പ്രസ്തുത സർക്കുലറിനോട് അനുബന്ധിച്ചു ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 30/10/2020-ലെ 64/2020/ധന നമ്പർ സർക്കുലറിൽ പുനർ നിയമനം ദീർഘിപ്പിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസലുകളിലും ടി നിബന്ധനകൾ ബാധകമാക്കേണ്ടതാണ് എന്ന് വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ശ്രീ.ആർ.എസ്.കണ്ണനു പുനർ നിയമനം നൽകിയ അനുവദിച്ചിരിക്കുന്നത് ബഹു മന്ത്രി സഭയുടെ അനുമതിയോടെയല്ല. ആയതിനാൽ ടി നിയമനത്തിന് ബഹു മന്ത്രിസഭയുടെ സാധൂകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കാം.*

*പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കപ്പെട്ട ശ്രീ.ആർ.എസ്.കണ്ണന്റെ സേവന വേതന വ്യവസ്ഥകൾ കെ.എസ്.ആർ ഭാഗം III ചട്ടം 100 പ്രകാരമാണ് (19.10.2016 ലെ സ.ഉ (പി) നം 159/2016/ധന യ്ക്കു അനുസൃതമായി പരിഷ്കരിച്ചത്) നിർണ്ണയിക്കേണ്ടത്. 19.10.2016 ലെ സ.ഉ(പി)നം.159/2016/ധന പ്രകാരം നിലവിലുള്ള ശമ്പള സ്കെയിൽ ബാധകമാകുന്ന തസ്തികയിൽ നിന്നും*

*വിരമിച്ചവരുടെ പുനർനിയമന വേതനം അവസാനം വാങ്ങിയ ശമ്പളത്തിൽ നിന്നും പെൻഷൻ കുറച്ചതായിരിക്കണം. പെൻഷനും പുനർനിയമന വേതനവും ചേർന്നു വരുന്ന തുക അവസാനം വാങ്ങിയ ശമ്പളത്തെ അധികരിക്കരുത്.*

*a) വിരമിച്ച തസ്തികയുടെ പരിഷ്കരിച്ച സ്കെയിലിന്റെ അടിസ്ഥാനത്തിൽ HRA, CCA അനുവദിക്കാവുന്നതാണ്.*

*b)മാതൃവകുപ്പിലെ നിരക്കുകൾക്കനുസൃതമായി ക്ഷാമബത്ത അനുവദിക്കാവുന്നതാണ്.*

*c) പെൻഷനു ക്ഷാമാശ്വാസം അനുവദിക്കാവുന്നതാണ്.*

*d) വാർഷിക ഇൻക്രിമെന്റിനു അർഹതയുണ്ട്. എന്നാൽ Stagnation ഇൻ ക്രിമെന്റിനു അർഹതയില്ല*

*ടി ചട്ട പ്രകാരം ശ്രീ.ആർ.എസ്.കണ്ണനു മേൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുള്ളൂ. പുനർ നിയമന വേതനത്തോടൊപ്പം ശ്രീ.ആർ.എസ്.കണ്ണനു കെ.എസ്.ആർ.ഭാഗം II, ചട്ടം 1 –ന് കീഴിലുള്ള കുറിപ്പ് 4 പ്രകാരമുള്ള യാത്രാബത്ത അനുവദിച്ച നൽകാവുന്നതാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു."*

4. ശ്രീ.ആർ.എസ്.കണ്ണന് പുനർനിയമനം നല്കുന്നതിനാവശ്യമായ വിജിലൻസ് ക്ലിയറൻസ് വിജിലൻസ് വകുപ്പിൽ നിന്ന് ലഭ്യമായിട്ടുണ്ട്.

5. ശ്രീ.ആർ.എസ്.കണ്ണന്റെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ (KURDFC) മാനേജിംഗ് ഡയറക്ടർ പുനഃനിയമനം കേരള സർക്കാർ ബിസിനസ് ചട്ടങ്ങൾ ഇനം നം.45 പ്രകാരം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

സ.ഉ.(സാധാ) നം. 2112/2022/തസ്വഭവ തീയതി 29/08/2022 (അനുബന്ധം) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. ആർ.എസ്. കണ്ണനെ കേരള നഗര ഗ്രാമ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡിന്റെ (KURDFC) മാനേജിംഗ് ഡയറക്ടറായി പുനഃനിയമനം നൽകിയ നടപടി സാധൂകരിച്ച് നൽകാമോ?